# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5744 18.11.2019-ൽ മറുപടിക്ക്

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംരക്ഷിത സ്മാരകങ്ങളുടെ പുനർനിർമ്മാണം

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (എ) & (ബി) | 2018 ലെ പ്രളയത്തിൽ കേരള പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ അമ്പലപ്പുഴ കരുമാടിക്കുട്ടൻ ബുദ്ധമണ്ഡപം, ചെങ്ങന്നൂർ ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം, കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് കോട്ട, മൂവാറ്റുപുഴ ഊരമന ക്ഷേത്രം എന്നിവിടങ്ങളിൽ ചെറിയ തോതിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. അവയിൽ ഹോസ്ദുർഗ്ഗ് കോട്ട, അമ്പലപ്പുഴ കരുമാടിക്കുട്ടൻ ബുദ്ധമണ്ഡപം എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം, മൂവാറ്റുപുഴ ഊരമന ക്ഷേത്രം എന്നിവിടങ്ങളിൽ സംരക്ഷണ പ്പണികൾക്കുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.<br><br>പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചങ്ങനാശ്ശേരി തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിൽ 2019-ലെ മഴയിൽ ചെറിയതോതിൽ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. പ്രസ്തുത ക്ഷേത്രത്തിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി വരുന്നു.<br><br>മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും 2019-ലെ മഴയിൽ ഒരു ഭാഗം തകർന്നു വീണതിനാൽ അവ നീക്കം ചെയ്യുകയും പള്ളി ഡോക്യുമെന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>ഹോസ്ദുർഗ്ഗ് കോട്ടയിൽ തകർന്നു വീണ ഭാഗങ്ങൾ പുന:സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സ്മാരകങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് ഇതിനകം പൂർത്തിയായത്; അതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ